പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 825** **24-06-2026-ൽ മറുപടിയ്ക്ക്**

## ബേപ്പൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി, കടുക്കബസാർ, ഗോദീശ്വരം, ബേപ്പൂർ എന്നിവിടങ്ങളിലെ കടലാക്രമണം തടയുന്ന പ്രവൃത്തിയുടെ നടത്തിപ്പിനായി കഴിഞ്ഞ സർക്കാരിന്റെ കലത്ത് അനുവദിച്ച 7 കോടി രൂപയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജക മണ്ഡലത്തിൽ കടലാക്രമണം തടയുന്ന പ്രവൃത്തി നടത്തിപ്പിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സിൽ ഉൾപ്പെടുത്തി 7 കോടി അനുവദിച്ചതിൽ 2 പ്രവൃത്തികളാണ് ഉള്ളത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1) ASE Works- Reformation of Kadukkabazar and Kappalangadi Seawall starting from 82m South of CP 1758 towards South in Beypore constituency in Ward No. 20, 22 of Kadalundi Panchayath-**

ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി, കടുക്കബസാർ എന്നിവിടങ്ങളിലെ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തിക്കായി 6 കോടി രൂപ അനുവദിക്കുകയും ശ്രീ. അബ്ദുൽ സലിം കെ എന്ന കാരാറുകാരനുമായി 13/01/2026ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് 23.01.2026 ന് 18 മാസം പൂർത്തീകരണ കാലാവധിയോടുകൂടി കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിനായി നിരവധി തവണ കത്ത് മുഖേനയും നേരിട്ടും നിർദ്ദേശം നൽകിയിരുന്നെങ്കിലും കരാറുകാരൻ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇതുമൂലം പ്രവൃത്തി പുരോഗതിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിച്ച് പൂർത്തീകരണ കാലാവധിയായ 21/07/2027നുള്ളിൽതന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2) ASE Work-Navakerala Sadass- Construction of Seawall of Godeswaram near CP 1780 at Beypore LAC in Kozhikode Corporation-**

ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഗോതീശ്വരം ഭാഗത്ത് കടലാക്രമണം തടയുന്നതിനായി പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും 03/10/2025ന് ശ്രീ. മുഹമ്മദ് ആസിഫ്.കെ, ഹാജറ മൻസിൽ, കരുവൻ തുരുത്തി, ഫറോഖ്, കോഴിക്കോട് എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 06.10.2025 ന് 12 മാസ പൂർത്തീകരണ കാലാവധിയോടെ പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തിയുടെ 70%

പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരണ കാലാവധിയായ 05/10/2026നുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

**മറുപടി:** കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയോജക മണ്ഡലത്തിൽ കടലാക്രമണം തടയുന്ന പ്രവൃത്തി നടത്തിപ്പിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സിൽ ഉൾപ്പെടുത്തി 7 കോടി അനുവദിച്ചതിൽ 2 പ്രവൃത്തികളാണ് ഉള്ളത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1) ASE Works- Reformation of Kadukkabazar and Kappalangadi Seawall starting from 82m South of CP 1758 towards South in Beypore constituency in Ward No. 20, 22 of Kadalundi Panchayath-**

ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി, കടുക്കബസാർ എന്നിവിടങ്ങളിലെ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തിക്കായി 6 കോടി രൂപ അനുവദിക്കുകയും ശ്രീ. അബ്ദുൽ സലിം കെ എന്ന കാരാറുകാരനുമായി 13/01/2026ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് 23.01.2026 ന് 18 മാസം പൂർത്തീകരണ കാലാവധിയോടുകൂടി കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിനായി നിരവധി തവണ കത്ത് മുഖേനയും നേരിട്ടും നിർദ്ദേശം നൽകിയിരുന്നെങ്കിലും കരാറുകാരൻ ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇതുമൂലം പ്രവൃത്തി പുരോഗതിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിച്ച് പൂർത്തീകരണ കാലാവധിയായ 21/07/2027നുള്ളിൽതന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2) ASE Work-Navakerala Sadass- Construction of Seawall of Godeswaram near CP 1780 at Beypore LAC in Kozhikode Corporation-**

ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഗോതീശ്വരം ഭാഗത്ത് കടലാക്രമണം തടയുന്നതിനായി പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും 03/10/2025ന് ശ്രീ. മുഹമ്മദ് ആസിഫ്.കെ, ഹാജറ മൻസിൽ, കരുവൻ തുരുത്തി, ഫറോഖ്, കോഴിക്കോട് എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 06.10.2025 ന് 12 മാസ പൂർത്തീകരണ കാലാവധിയോടെ പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരണ കാലാവധിയായ 05/10/2026നുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക്, കടലുണ്ടി പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള വിതരണ പൈപ്പുകൾ നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ചെനപ്പറമ്പ് ഭാഗത്തെ 1.6 km വരുന്ന 355mm PVC പൈപ്പുകൾ, ഫറുക് കടലുണ്ടി റോഡും അനുബന്ധ പ്രദേശത്തുമായുള്ള 1.2 km വരുന്ന 355mm PVC പൈപ്പുകൾ, ഫറോക്ക് മുനിസിപ്പാലിറ്റി പരിധിയിൽ 6.3km വരുന്ന 250mm PVC പൈപ്പുകൾ - എന്നീ പ്രദേശങ്ങളിലെ ലീക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്രയും പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള 9.15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**(ഡി)** ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലുണ്ടി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ആവശ്യാനുസരണം കുടിവെള്ളം ലഭ്യമാക്കുന്നതിനായി മണ്ണൂർ ബൂസ്റ്റർ പമ്പ് ഹൗസിന്റെ പമ്പിംഗ് സമയം 16 മുതൽ 20 മണിക്കൂർ വരെ ആവശ്യത്തിനനുസരിച്ച് ഉയർത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**